"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - വാർഷിക പദ്ധതി 2025-26 - Total Computerisation and e-Governance in KSRTC എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.293/2025/TRANS തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 10.04.2025-ലെ Bud.1/7/2024-Fin. നമ്പർ കത്ത്.
2. 02.06.2025-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ 1(1) നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)-ലെ Total Computerisation and e-Governance in KSRTC എന്ന പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 12 കോടി രൂപയുടെ പ്രൊപ്പോസൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. 02.06.2025-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, നിലവിലുള്ള ഉത്തരവുകളും നടപടിക്രമങ്ങളും കൃത്യമായി പാലിച്ചുകൊണ്ടും, വിവര സാങ്കേതികവിദ്യ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം, long term AMC ഉറപ്പുവരുത്തണം എന്നീ നിബന്ധനകളോടെയും Total Computerisation and e-Governance in KSRTC എന്ന പദ്ധതിക്ക് പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകാരം, കെ.എസ്.ആർ.ടി.സി.യിലെ Total Computerisation and e-Governance in KSRTC എന്ന പദ്ധതിക്ക് 12 കോടി രൂപ (പന്ത്രണ്ട് കോടി രൂപ മാത്രം) 5055-00-190-99 (02) (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പദ്ധതിയുടെ പ്രോജക്ട് മാനേജർ ശ്രീ.നിഷാന്ത് എസ് , ഡെപ്യൂട്ടി ജനറൽ മാനേജർ, ഐ.ടി. ഡിവിഷൻ, കെ.എസ്.ആർ.ടി.സി. ആയിരിക്കും. ടി പദ്ധതി 31.03.2026-നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(E 3180931)

ഉത്തരവിൻ പ്രകാരം,

Signed by
Biju N
സെക്ഷൻ ഓഫീസർ.
Date: 01-07-2025 15:40:02

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.